**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1805** **09-12-2022 - ൽ മറുപടിയ്ക്ക്**

**തൃശ്ശൂർ ജില്ലയിലെ സ്മാർട്ട് കൃഷിഭവൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സ്മാർട്ട് കൃഷിഭവനുകളാക്കുന്നതിന് തൃശ്ശൂർ ജില്ലയിൽ നിന്നും തെരഞ്ഞെടുത്ത പതിനാല് കൃഷിഭവനുകളുടെ നിലവിലെ പുരോഗതി വിശദമാക്കാമോ; | (എ) | നിയോജക മണ്ഡലാടിസ്ഥാനത്തിൽ സ്മാർട്ട് കൃഷിഭവനുകളാക്കേണ്ട കൃഷിഭവനുകളിൽ തൃശ്ശൂർ പ്രിൻസിപ്പൽ കൃഷി ഓഫീസർ 13 കൃഷിഭവനുകളെയാണ് സ്മാർട്ട് കൃഷി ഭവനാക്കുന്നതിന് ശിപാർശ ചെയ്തിട്ടുള്ളത്. ഇവയിൽ നിന്നും അയ്യന്തോൾ, കണ്ടാണശ്ശേരി എന്നീ കൃഷിഭവനുകളെയാണ് 2022-23 ലെ വാർഷിക പദ്ധതി പ്രകാരം സ്മാർട്ട് കൃഷിഭവനാക്കുന്നതിന് തെരഞ്ഞെടുത്തിട്ടുള്ളത്. ഇതിൽ അയ്യന്തോൾ കൃഷിഭവന്റെ ടെക്നിക്കൽ കമ്മിറ്റി മീറ്റിംഗ് 29/11/2022ന് സ്ഥലം എം.എൽ.എ യുടെ അദ്ധ്യക്ഷതയിൽ നടത്തുകയും 30/11/2022ന് സിവിൽ വർക്ക് അന്തിമമാക്കുന്നതിനുള്ള പരിശോധന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (അഗ്രി) നടത്തുകയുണ്ടായി. പദ്ധതി നടപ്പിലാക്കുന്നതിനുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കി വരികയാണ്. കണ്ടാണശ്ശേരി കൃഷിഭവന്റെ ടെക്നിക്കൽ കമ്മിറ്റി മീറ്റിംഗ് 26/11/2022ന് കൂടി. പദ്ധതി നടപ്പിലാക്കുന്നതിനുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.<br><br>കൂടാതെ, നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന ആർ.ഐ.ഡി.എഫ് ട്രാഞ്ചെ-XXVII-ൽ ഉൾപ്പെടുത്തി സ്മാർട്ട് കൃഷി ഭവൻ നിർമ്മിക്കുന്നതിനുള്ള പദ്ധതിയിൽ തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി കൃഷിഭവനെ തെരഞ്ഞെടുത്തിട്ടുണ്ട്. ആയതിനുള്ള പ്രാരംഭ നടപടികൾ കെ.എൽ.ഡി.സി. മുഖാന്തിരം സ്വീകരിച്ചുവരുന്നു. |
| (ബി) | ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പൂർത്തീയാക്കുമെന്ന് വിശദമാക്കാമോ? | (ബി) | ആർ.ഐ.ഡി.എഫ് ട്രാഞ്ചെ XXVII പദ്ധതിയിൽ ഉൾപ്പെടുത്തി സ്മാർട്ട് കൃഷിഭവനാക്കുന്നതിന് വടക്കാഞ്ചേരി കൃഷിഭവനെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്. പ്രാരംഭ ഘട്ടത്തിലുള്ള |

| | | | |
|---|---|---|---|
| | | | ഈ പദ്ധതി നടപ്പിലാക്കുന്നത് കെ.എൽ.ഡി.സി. മുഖാന്തിരമാണ്. പ്രസ്തുത പദ്ധതിയുടെ കാലയളവ് ഡി.പി.ആർ. പ്രകാരം 2 വർഷമാണ്. |

സെക്ഷൻ ഓഫീസർ